II.ഇ.ബി. XII--കേരള നിയമസഭ/V-17

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ–സംഗ്രഹം**

2007 ജൂലൈ 18, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

131 (*541) ബധിര വിദ്യാർത്ഥികൾക്ക് ഉപരിപഠനം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് എസ്.എസ്.എൽ.സി. കഴിഞ്ഞ ബധിര വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ ഹയർസെക്കന്ററി തലത്തിൽ ഏഴും വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ നാലും സ്കൂളുകൾ നിലവിലുണ്ടെന്നും പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയസമീപനം പരസ്യപ്പെടുത്തിക്കൊണ്ട് 13.6.2007-ലും .22.6.2007-ലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇവയുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ., വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ സർക്കാർ മേഖലയിൽ പുതിയ സ്കൂളുകളും കോഴ്സുകളും അധിക ബാച്ചുകളും ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻപറഞ്ഞ ഉത്തരവുകളിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ അപേക്ഷകൾ പരിഗണി

ക്കുന്നതാണ്. ഇക്കാര്യത്തിലുള്ള പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതാണ്. കേരള ത്തിലുള്ള എല്ലാ അൺഎയ്ഡഡ്, എയ്ഡഡ് മേഖലകളിലേയും സ്കൂളുകളിൽ 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളിലും സീറ്റ് വർദ്ധനവിന്റെ പ്രയോജനം ലഭ്യമാകുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾക്കുപുറമെ മറ്റു സ്കൂളുകളിലും ഒരു നിശ്ചിതശതമാനം ബധിരമൂക വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ദുരുപയോഗം ഉണ്ടായിട്ടുണ്ടെങ്കിൽ അത് തടയുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നതാണ്. ബധിര -മൂക വിദ്യാർത്ഥികൾക്ക് കൂടുതൽ ആനുകൂല്യങ്ങളും പഠന സൗകര്യങ്ങളും പഠനോപകരണങ്ങളും മറ്റും ലഭ്യമാക്കുന്ന കാര്യവും 'നിഷ്' എന്ന സ്ഥാപനത്തെ ഒരു ദേശീയ സ്ഥാപനമാക്കി ഉയർത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. ഗവണ്മെന്റിന്റേയും സമൂഹത്തിന്റേയും പ്രത്യേക ശ്രദ്ധയും പരിചരണവും അത്യാവശ്യമായ ബധിര-മൂക വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞതിനുശേഷം ഉന്നതവിദ്യാഭ്യാസം നൽകുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച അനന്തമൂർത്തി കമ്മിറ്റിയുടേത് ഉൾപ്പെടെയുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ പ്രത്യേക പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു അന്വേഷണ സംവിധാനം ഏർപ്പെടുത്തി അവരുടെ കണ്ടെത്ത ലുകളുടെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിനുള്ള സത്വര

നടപടികൾ സ്വീകരിക്കുന്നതാണ്. ബധിര-മൂക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകരെ പരിശീലിപ്പിച്ച് അദ്ധ്യാപക ദൗർലഭ്യം നേരിടുന്ന സ്കൂളുകളിൽ നിയമിക്കുന്ന കാര്യം ഒരു സ്പെഷ്യൽ പാക്കേജ് എന്ന നിലയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്നതാണ്. ഇത്തരം വിദ്യാർത്ഥികളുടെ പ്ളസ് ടു തലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുന്ന കാര്യവും ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. അന്ധവിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനേയും 18 വയസ്സിനു മുകളിലുള്ളവരുടെ പുനരധിവാസത്തെയും സംബന്ധിച്ച് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് പൊതുമാനദണ്ഡമുണ്ടെങ്കിലും ഇക്കാര്യത്തിൽ ഒരു പുനരാലോചന ആവശ്യമാണെന്നും ബധിര-മൂക വിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് ധനസഹായം ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും വൈകല്യമുള്ളവരുടെ പ്രൊമോഷൻ തടയുന്നതുസംബന്ധിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വെളിപ്പെടുത്തി.

132 (*542) <u>സമൂഹനന്മയ്ക്കായുള്ള യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, സ്ത്രീധനം, ബാലവേല, സ്ത്രീപീഡനം തുടങ്ങിയ അനാചാരങ്ങൾക്കും തീവ്രവാദം തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ യുവജനങ്ങളെ ജാഗരൂകരാക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ടെന്നും ഇവ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കു

ന്നതാണെന്നും സഭയെ അറിയിച്ചു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ യുവജനങ്ങളെ സംഘടിപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ, എക്സിബിഷൻ മുതലായവ സംഘടിപ്പിക്കുകയും ലഹരിപദാർത്ഥങ്ങളു ടേയും പുകവലിയുടെയും ഉപയോഗത്തിനെതിരെ സാമൂഹ്യാവബോധം വളർത്തുന്നതിന് 'ലോക ലഹരി വിരുദ്ധ ദിനം', 'പുകയില വിരുദ്ധ ദിനം' തുടങ്ങിയവ യൂത്ത് ക്ളബ്ബുകളുമായും സന്നദ്ധ സംഘടനകളുമായും ചേർന്ന് സമുചിതമായി ആചരിച്ചുവരികയും ചെയ്യുന്നു. യുവജനങ്ങളിൽ പുകവലിയും മദ്യപാനവും ഇല്ലാതാക്കുന്നതിനായി കേരളത്തിലെ എല്ലാ സന്നദ്ധസംഘടനകളേയും വിളിച്ചുചേർത്ത് ബോധവൽക്കരണം നടത്താനുള്ള ഒരു പരിപാടിക്കും തുടക്കം കുറിച്ചിട്ടുണ്ട്. നിർജ്ജീവമായിരുന്ന യുവജനക്ഷേമബോർഡ് വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹ്യ പരവും സാമ്പത്തികപരവും കായികപരവുമായ സമഗ്രവികസനം ലക്ഷ്യംവ ച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലമായി സജീവമായി പ്രവർത്തിച്ചു വരി കയാണ്. യുവജനക്ഷേമബോർഡിന്റെ പദ്ധതികളിൽ പ്രധാനപ്പെട്ട 'യുവശക്തി' പദ്ധതി 575 പഞ്ചായത്തുകളിൽ നിലവിൽവന്നുകഴിഞ്ഞുവെന്നും അതുവഴി സ്വയംതൊഴിൽ പദ്ധതി ഗ്രാമതലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കു ന്നുണ്ടെന്നും മന്ത്രി വെളിപ്പെടുത്തി. കേരളത്തിന്റെ സജീവ ശ്രദ്ധ ആകർഷിച്ച 'കേരള യൂത്ത് ഫോറം 2007' തിരുവനന്തപുരത്തു സംഘടിപ്പിച്ച ശ്രദ്ധേയമായ '' ജോബ് ഫെയർ '' ൽ 29 കമ്പനികൾ പങ്കെടുക്കുകയും 646 പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്തു. ഗ്രാമതല യൂത്ത് സെന്ററുകൾ ക്രിയാത്മകമാക്കുന്നതിന്റെ ഭാഗമായി പഞ്ചയാത്തുതല സെൽഫ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നതാണ്. കേരള ഷിപ്പിംഗ്

ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ സഹകരണത്തോടുകൂടി യുവജനക്ഷേമ ബോർഡ് ബോട്ട് ക്രൂ തുടങ്ങിയവ പരിശീലിപ്പിക്കുന്നതിനുള്ള പരിപാടിയുടെ ഉൽഘാടനം കൊച്ചിയിൽ നിർവ്വഹിക്കുകയുണ്ടായിയെന്നും അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മാനുവലിൽ മാറ്റം വരുത്തി കൂടുതൽ അംഗങ്ങളെ ചേർത്തു കൊണ്ട് ഓണാഘോഷത്തിന്റെ ഭാഗമായി പഞ്ചായത്തുതലത്തിൽ ആരംഭി ക്കുന്ന 'കേരളോൽസവം' പരിപാടി ക്രമേണ ജില്ലാ-സംസ്ഥാനതലങ്ങളിൽ വ്യാപിപ്പിച്ച് 2008 ജനുവരിയിൽ ദേശീയതലത്തിൽ ആഘോഷിക്കുന്ന രൂപത്തിലുള്ള കലണ്ടർ തയ്യാറാക്കിവരുന്നു. കേരളത്തിലെ എല്ലാ സർവ്വകലാ ശാലകളിലേയും കോളേജ് വിദ്യാർത്ഥി യൂണിയൻ നേതാക്കൾക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലായി ഓരോ മേഖലയിലേയും 100 പേർക്ക് വീതം 3 ദിവസം നീണ്ടുനിൽക്കുന്ന 3 ക്യാമ്പുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്ന താണ്. പ്രകൃതി ദുരന്തങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ആയിരം പേരടങ്ങുന്ന 'സ്വയംസേവക് സംഘ്' ജില്ലാടിസ്ഥാനത്തിൽ രൂപീകരി ച്ചിട്ടുണ്ട്. പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്ന സംസ്ഥാനസർക്കാരിന്റെ നോഡൽ ഏജൻസിയായ യുവജന ക്ഷേമബോർഡിന്റെയും കേന്ദ്രസർക്കാ രിന്റെ കീഴിലുള്ള നെഹ്രു യുവകേന്ദ്രത്തിന്റെയും പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. യൂത്ത് ഫോറം 2007-ൽ യുവജനനയത്തിന്റെ കരടുരൂപം തയ്യാറാക്കിയിട്ടുണ്ടെന്നും അത് നിയമസഭയിൽ അവതരിപ്പിച്ച് അഭിപ്രായസമ

നയത്തോടുകൂടി സമഗ്രമായ ഒരു യുവജനനയം ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

133(*543) <u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുകൂടി ഉച്ചഭക്ഷണം പരിപാടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഓണത്തിനുമുമ്പ് ഈ പദ്ധതി ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് 8, 9, 10 ക്ളാസ്സുകളിലായി പഠിക്കുന്ന 1501484 കുട്ടികളിൽ 90 ശതമാനത്തോളവും ഉച്ചഭക്ഷണം കഴിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 111,40,40,532 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഓരോ കുട്ടിക്കും 100 ഗ്രാം അരിയും 50 ഗ്രാം പയറും നൽകേണ്ടിവരുമെന്നാണ് കരുതുന്നത്. ഇപ്പോൾ ഉച്ചഭക്ഷണപരിപാടി നടക്കുന്ന സ്കൂളുകളിൽ അടുക്കള, പാകംചെയ്യാനുള്ള പാത്രങ്ങൾ മുതലായ സജ്ജീകരണങ്ങൾ നിലവിലുണ്ട്. എന്നാൽ ഹൈസ്കൂൾ മാത്രം നിലവിലുള്ള സ്കൂളുകളിൽ പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ജില്ലാപഞ്ചായത്തുകളുടെ സഹായത്തോടെ ക്രമീകരിക്കാൻ ഡി.ഡി.ഇ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

134 (*546) <u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ചില്ലറ വിൽപന രംഗത്ത് കുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കുന്നതിനും പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം നിയന്ത്രിച്ചു

നിർത്തുന്നതിലേയ്ക്കുമായി സ്വാഭാവികമായും വിലക്കയറ്റമുണ്ടാകുന്ന ഓണം, ക്രിസ്മസ്, വിഷു തുടങ്ങിയ ഉൽസവ സീസണുകളിൽ 45 ദിവസം വീതം 3 പ്രാവശ്യം സഹകരണ വിപണന മാർക്കറ്റുകൾ നടത്തി സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന കാര്യവും വർഷം മുഴുവൻ കൺസ്യൂമർഫെഡിന്റെ കീഴിൽ ചില്ലറ വിൽപ്പന കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന കാര്യവും സർക്കാർ സജീവമായി പരിശോധിച്ചുവരികയാണെന്നറിയിച്ചു. ഓണക്കാലത്ത് സ്വാഭാവികമായും പ്രതീക്ഷിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 2007 ജൂലൈ 20 മുതൽ ആഗസ്റ്റ് 31 വരെ കൺസ്യൂമർ ഫെഡറേഷന്റെ നിയന്ത്രണത്തിൽ 'സഹകരണ വിപണന കേരളീയം' മാതൃകയിൽ ഓണച്ചന്തകൾ സംഘടിപ്പിച്ച് ഗുണമേന്മയുള്ള 32 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുത്തകക്കാരുടെ കടന്നുകയറ്റം തടയുന്നതിന് ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടത്ര പ്രവർത്തന ഫണ്ടും സംഭരണശേഷിയും ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡറേഷൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 32 ഇനം നിത്യോപയോഗ സാധനങ്ങൾ ഈ ഓണക്കാലത്ത് സഹകരണ സംഘങ്ങൾവഴി സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്..

135 (*549) <u>പെട്രോൾ പമ്പുകളിലെ മീറ്റർ പരിശോധന</u>

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പെട്രോൾ പമ്പുകളിലെ മീറ്ററുകൾ ശരിയായി പ്രവർത്തിക്കാത്തതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, പെട്രോൾ പമ്പുകൾ ഉൾപ്പെടെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുന്നതിന് ജില്ലാ തലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരുടെ നേതൃത്വത്തിൽ പതിനൊന്ന് ഫ്ളൈയിംഗ് സ്ക്വാഡുകൾ നിലവിലുണ്ടെന്നും അറിയിച്ചു. പരിശോധനയിൽ ക്രമക്കേടുകൾ ഉണ്ടെന്നുകണ്ടാൽ സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതുകൂടാതെ ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക്തലത്തിൽ ഇൻസ്പെക്ടർമാരും പെട്രോൾ പമ്പുകളിൽ പരിശോധന നടത്തുന്നുമുണ്ട്.. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 8872 യൂണിറ്റുകൾ പരിശോധിച്ചതിൽ അളവിൽ കുറച്ച് വിൽപ്പന നടത്തുക, യഥാസമയം മുദ്ര പതിപ്പിക്കാത്ത പെട്രോൾ യൂണിറ്റുകളിലൂടെ അളവിൽ കുറച്ച് വിതരണം നടത്തുക തുടങ്ങിയ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

136 (*551) <u>വിദ്യാഭ്യാസ വായ്പ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റിസർവ്വ് ബാങ്കും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനത്ത് അംഗീകാരമുള്ള കോഴ്സുകൾക്ക് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉദാരമായ വ്യവസ്ഥകളിന്മേൽ വിദ്യാഭ്യാസ വായ്പ നൽകാൻ എല്ലാ ബാങ്കുകളും തയ്യാറാണെന്നറിയിച്ചു. വിദ്യാഭ്യാസ വായ്പ സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതികളും പ്രശ്നങ്ങളും

പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ ജില്ലാ ലീഡ് ബാങ്ക് മാനേജരെ കൂടാതെ ഒരു സീനിയർ ജില്ലാതല സർക്കാർ ഉദ്യോഗസ്ഥനെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസുൾപ്പെടെ പഠനച്ചെലവുകൾക്കായി ഇന്ത്യയ്ക്കകത്തുള്ള കോഴ്സുകൾക്ക് 10 ലക്ഷം രൂപ വിദ്യാഭ്യാസ വായ്പ അനുവദിക്കാനാകുമെന്നാണ് ബാങ്കുകൾ അറിയിച്ചത്. 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് അതതു ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള PLR (PRIME LENDING RATE) നിരക്കും അതിനു മുകളിലുള്ള തുകയ്ക്ക് PLR +1%വുമാണ് നിലവിലുള്ള പലിശനിരക്കുകൾ. 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് യാതൊരുവിധ സെക്യൂരിറ്റിയും ആവശ്യമില്ല. എന്നാൽ അതിനുമുകളിലുള്ള വായ്പ തുകയ്ക്ക് തത്തുല്യമായ ആൾ ജാമ്യമോ/വസ്തു ജാമ്യമോ നിർബ്ബന്ധമാണെന്നും ബാങ്കുകൾ വ്യക്തമാക്കി. പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച കോഷൻ ഡെപ്പോസിറ്റ് ചില നിബന്ധനകൾക്കനുസൃതമായി, വിദ്യാഭ്യാസ വായ്പയുടെ ഭാഗമായിത്തന്നെ നൽകാമെന്ന് ബാങ്കുകൾ സമ്മതിച്ചു. ബാങ്ക് ശാഖകളിലെ മാനേജർമാരുടെ "DELEGATED POWERS"അനുസരിച്ച് അപേക്ഷ ലഭിച്ച തീയതിയിൽ നിന്ന് 15 ദിവസം മുതൽ ഒരു മാസത്തിനുള്ളിൽ വിദ്യാഭ്യാസ വായ്പകളിന്മേൽ തീരുമാനമെടുക്കേണ്ടതാണെന്നാണ് RBI/IBA മാർഗ്ഗരേഖകളിൽ പറയുന്നത്. മാർഗ്ഗരേഖകളനുസരിച്ച് പാസ്സാക്കാൻ നിർവ്വാഹമില്ലാത്ത വിദ്യാഭ്യാസ വായ്പകൾ ബാങ്കിന്റെ മേലധികാരികൾക്ക് മാത്രമേ നിരസിക്കാനാവൂ. അനുവദിക്കപ്പെട്ട വായ്പകൾ സ്വീകരിക്കാൻ

വിദ്യാർത്ഥിയും മാതാപിതാക്കളോ/രക്ഷകർത്താവോ ഒന്നിച്ചുചേർന്നാണ് രേഖകളിൽ ഒപ്പുവയ്ക്കേണ്ടത്.

137 (*557) ശാസ്ത്ര സാങ്കേതിക മ്യൂസിയം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ പ്രധാന ഗ്യാലറികളായ ബയോ മെഡിക്കൽ ഗ്യാലറി, പോപ്പുലർ സയൻസ് ഗ്യാലറി, ഇലക്ട്രിക്കൽ ഗ്യാലറി, മെക്കാനിക്കൽ ഗ്യാലറി എന്നിവ ശാസ്ത്ര പുരോഗതിക്കനുസൃതമായി നവീകരിച്ചിട്ടുണ്ടെന്നും മറ്റ് ഗ്യാലറികൾ നവീകരിക്കുന്നതിനും വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രവുമായി സഹകരിച്ച് പുതിയ ഒരു സ്പേസ് ഗ്യാലറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും അറിയിച്ചു. പ്ളാനറ്റേറിയത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയംതന്നെ പൂർത്തിയാക്കുകയും നവീകരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ പര്യാപ്തമായ തരത്തിൽ ഗ്യാലറികളും പ്ളാനറ്റേറിയവും സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനവും സജ്ജമാക്കിയിരിക്കുന്നതിനുപുറമെ പ്രവൃത്തി പരിചയത്തിന് പ്രാമുഖ്യം നൽകി എല്ലാ വർഷവും വിദ്യാർത്ഥികൾക്കായി സമ്മർ ക്ളാസ്സുകളും ശാസ്ത്ര സംബന്ധമായ ക്വിസ് മൽസരങ്ങളും സംഘടിപ്പിച്ചുവരുന്നു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായി സഹകരിച്ച് ശാസ്ത്ര വിജ്ഞാന കേന്ദ്രമെന്ന പേരിൽ മ്യൂസിയത്തിലെ ലൈബ്രറി സൗകര്യം വികസിപ്പിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

138 (*563) <u>സൗജന്യ പാഠപുസ്തക വിതരണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സർക്കാർ വിദ്യാലയങ്ങളിലും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും പഠിക്കുന്ന ഒന്നാം സ്റ്റാൻഡേർഡിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പൊതുനയമെന്ന നിലയിൽ സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുന്നുണ്ടെന്നറിയിച്ചു. കൂടാതെ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സർക്കാർ/സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

195 (4054) <u>കേന്ദ്ര നിയമങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്ന പദ്ധതി</u>

കേന്ദ്ര നിയമങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്ന പദ്ധതി യനുസരിച്ച് കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മിഷൻ നാളിതുവരെ 218 കേന്ദ്ര നിയമങ്ങൾ പരിഭാഷപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനു പുറമേ ഭാരത ഭരണഘടനയുടെ ഒന്ന്, രണ്ട്, മൂന്ന് പതിപ്പുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരണത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭാരത ഭരണഘടനയുടെ മലയാള പരിഭാഷ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ച വേളയിൽ ഓരോ കോപ്പിവീതം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജഡ്ജിമാർ, കേരള നിയമസഭാ

സാമാജികർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവർക്കും വകുപ്പുമേധാവികൾക്കും ഉപഹാരമായി നൽകിയിട്ടുണ്ട്.

196 (4059) <u>കളിസ്ഥലങ്ങളുടെ ഭൗതിക സാഹചര്യം</u>

വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങളുടെ വികസനത്തിന് കഴിഞ്ഞ സാമ്പത്തികവർഷം കായിക യുവജനകാര്യാലയം മുഖേന 10 വിദ്യാലയങ്ങൾക്കായി 25,00,000/-രൂപയും കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ അഞ്ച് ജില്ലകളിലെ എട്ട് സ്കൂളുകൾക്കായി 11,13,447/- രൂപയും .സ്പോർട്ട്സ് കൗൺസിൽ വഴി എട്ട് സ്കൂളുകൾക്കും ഒരു പഞ്ചായത്തിനുമായി 12,63,447/- രൂപയും നൽകിയിട്ടുണ്ട്.

197 (4061) <u>സ്പോർട്ട്സ് കൗൺസിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

സ്പോർട്ട്സ് കൗൺസിലുകൾ വികേന്ദ്രീകരിച്ച് ഗ്രാമതലംവരെ പുന:സംഘടിപ്പിക്കുന്നതിന് വേണ്ടി കേരളാ സ്പോർട്ട്സ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി;

ജനകീയ അടിത്തറ പുന:സ്ഥാപിച്ചുകൊണ്ട് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ എന്നിവ പുന:സംഘടിപ്പിച്ചു;

മൂന്നാർ ഹൈ ആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി;

പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽകുളം/ആറ്റിങ്ങൽ ജില്ലാ സ്പോർട്ട്സ് കോംപ്ളക്സ് എന്നിവയുടെ പണി പുനരാരംഭിച്ചു;

മഹാരാജാസ് കോളേജ് ഗ്രൗണ്ടിന്റെ സിന്തറ്റിക് ട്രാക്കിന്റെ പണി പൂർത്തിയായി; ഉദ്ഘാടനം ഉടൻ നടത്തും;

ദേശീയ-അന്തർദേശീയ മൽസരങ്ങളിൽ ഉന്നത വിജയം കൈവരിച്ചവർക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിച്ചതനുസരിച്ചുള്ള കുടിശ്ശിക ഈ വർഷംതന്നെ കൊടുത്തുതീർക്കുന്നതാണ്;

ഇന്ത്യയിൽ ആദ്യമായി സ്പോർട്ട്സിന്റെ സമഗ്ര വികസനത്തിനായി സ്പോർട്ട്സ് ലോട്ടറിയിലൂടെ 15 കോടി രൂപയോളം സമാഹരിച്ചു;

തിരുവനന്തപുരത്ത് ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം പണി പൂർത്തിയാക്കി;

198 (4170) <u>കേരള ഗ്രന്ഥശാല സംഘം</u>

കേരള ഗ്രന്ഥശാല സംഘത്തിന് കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 569 ഗ്രന്ഥശാലകൾക്ക് പുതുതായി അഫിലിയേഷൻ നൽകുകയും 2006-07 വർഷത്തിൽ 4061 ലൈബ്രറികൾക്ക് പുതിയ ഗ്രേഡ് നൽകുകയും ഒരു ഗ്രന്ഥശാലയുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

199 (4253) <u>സഹകരണസ്ഥാപനങ്ങൾക്ക് സർക്കാർ ഷെയർ</u>

2001-02 മുതൽ 2005-06 വരെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് 85.58 കോടി രൂപയുടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-07 വർഷത്തിൽ 13.14 കോടി രൂപയുടെയും സർക്കാർ ഷെയർ നൽകിയിട്ടുണ്ട്.